(2) 1985–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, 1985–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, 1985–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ അന്യേതര കാര്യങ്ങളെ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1985–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ അന്യേതരകാര്യം സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം വോട്ടിനിട്ടു സഭ അംഗീകരിച്ചു.

1985–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പത്താം സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(3) വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984–ലെ കേരളബിൽ

വനം വകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ:) സർ, വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984–ലെ കേരള ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.പി. നൂറുദ്ദീൻ: വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984–ലെ കേരള ബിൽ ഭേദഗതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, വളരെയേറെ സന്തോഷത്തോടുകൂടിയാണ് ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. വനം വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്നത് കേരളത്തിലേയും ഇൻഡ്യയിലേയും മാത്രമല്ല ലോകത്തിലെ തന്നെ പല രാജ്യങ്ങളുടേയും ഒരു പ്രശ്നമായിത്തീർന്ന ഒരു കാലഘട്ടമാണ് ഇത്. നമ്മുടെ സംസ്ഥാനത്തെ വന സംരക്ഷണ പ്രവർത്തന രംഗത്ത് ചെറിയ തോതിലെങ്കിലും സഹായത്തിന് ഉതകുന്ന ഒരു നിയമമാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ സ്വകാര്യവ്യക്തികളുടെ സ്ഥലത്തുള്ള മരങ്ങൾ മുറിക്കുന്നതിനും നശിപ്പിക്കുന്നതിനും അതുപോലെ തന്നെ തോട്ടങ്ങളിലും ചില പ്രത്യേകസ്ഥലങ്ങളിലുള്ള മരം മുറിക്കുന്നതും നശിപ്പിക്കുന്നതും തടയുന്നതിന് ഇന്ന് കേരളത്തിൽ ഫലപ്രദമായ മറ്റ് നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല. 1974—ലെ ഒരു നിയമമനുസരിച്ച് ചിലയിനം മരങ്ങളും മുറിക്കുന്നതും നശിപ്പിക്കുന്നതും നിയന്ത്രിക്കുന്നതിന്, മാത്രമേ നമുക്ക് കഴിയുമായിരുന്നുള്ളു. നേരത്തേ കേരളത്തിലുള്ള കേരള വനം നിയമത്തിലെ ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സാങ്കേതികവും പ്രായോഗികവുമായ ചില വിഷമതകളുണ്ട്. ഇതിന്റെ ഫലമായി കേരളത്തിൽ അശാസ്ത്രീയമായ മരം മുറിക്കലുകളും വനനശീകരണവും കൂടുതൽ വർദ്ധിച്ചു. ഇത് വർദ്ധിച്ചതിന്റെ ഫലമായി മണ്ണൊലിപ്പ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ ആപത്തുകൾ സംഭവിക്കുന്ന സാഹചര്യം വന്നു. അത് കൂടാതെ തടിസമ്പത്ത് നമുക്ക് പൂർണ്ണമായി നഷ്ടപ്പെടുമെന്ന അവസ്ഥയും സംജാതമായി. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ കൂടി തകർക്കാൻ ഉതകുന്ന ഒരു സാഹചര്യം ആണെന്ന ഭയം ഉയർന്നുവരുകയുണ്ടായി. ഈ സാഹചര്യത്തിൽ അശാസ്ത്രീയമായ വൃക്ഷം മുറിക്കലുകളും നശിപ്പിക്കലുകളും തുടരുന്ന പ്രവണതയെ തടയേണ്ടതു വളരെയേറെ അത്യാവശ്യമാണ്. അതിന് പര്യാപ്തമായ ഒരു നിയമം ഇല്ലാത്തതുകൊണ്ടാണ്, നമ്മുടെ സംസ്ഥാനത്ത് വൃക്ഷങ്ങൾ മുറിക്കുന്നതും നശിപ്പിക്കുന്നതും സസ്യജന്തുജാലങ്ങളെ അപകടപ്പെടുത്തുന്നതും ചെറിയ ചെറിയവിധത്തിലെങ്കിലും നിയന്ത്രിക്കുന്നതിനുവേണ്ടി ഈ നിയമം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആദ്യം കുന്നിൻചെരിവുകളിൽ കൃഷി ചെയ്യുന്നതിനെ നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. അതുപോലെ തന്നെ നിയന്ത്രിക്കപ്പെട്ട മരങ്ങളുടെ എണ്ണം പതിനാറായിരുന്നു. പിന്നീട് കൃഷിക്കാർക്ക് അനുഭവപ്പെടുമെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഗണിച്ച്, കൃഷി ചെയ്യുന്നതിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം വേണ്ട എന്നു വച്ചു. അതുപോലെ തന്നെ നിയന്ത്രിക്കപ്പെട്ടിരുന്ന മരങ്ങളുടെ എണ്ണം 16 എന്നതിനു പകരം 10 ആക്കുകയും ചെയ്തു. ഈ പത്തെണ്ണം മിക്കവാറും വനങ്ങളിൽ മാത്രം വളരുന്ന ഇനങ്ങളാണ്. അന്ന് നിയമസഭ സമ്മേളിക്കുന്നുണ്ടായിരുന്നില്ല; അതുകൊണ്ട് അതിനു വേണ്ടി ഓർഡിനൻസ് പുറപ്പെടുവിച്ചു. പിന്നീട് സഭ സമ്മേളിച്ചുവെങ്കിലും ബിൽ പാസ്സാക്കാൻ സാധിച്ചില്ല. ഇതിനെക്കുറിച്ച് വളരെ വിശദമായ ഒരു ചർച്ച ഇവിടെ ആവശ്യമുണ്ടോ എന്ന് എനിക്കറിയുകയില്ല. സബ്ജക്ട് കമ്മിറ്റിയിൽ എല്ലാവശങ്ങളും വിശദമായി പരിശോധിച്ച് ചർച്ച നടത്തുന്നതുകൊണ്ട് ഇവിടെ കൂടുതൽ ചർച്ച ചെയ്തില്ലെങ്കിലും കുഴപ്പമില്ലെന്നാണ് എന്റെ അഭിപ്രായം. ഏതായിരുന്നാലും ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം എത്രയും വേഗം പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, 'വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984—ലെ കേരള ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന' ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇൻഡ്യാരാജ്യം ഒരു കാർഷിക പ്രാധാന്യമുള്ള രാജ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇൻഡ്യ നിലനിൽക്കുന്നത് കാർഷികവിഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ഇൻഡ്യാ രാജ്യത്ത് വ്യത്യസ്തമായ സ്വഭാവങ്ങളും ഭാഷയും ആചാരരീതികളും ആണ് നിലനിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യത്യസ്തതകളെല്ലാം നിലനിന്നിട്ടുപോലും കാർഷിക രാജ്യമാണ് ഇൻഡ്യ എന്നുള്ള വസ്തുത നമ്മെയെല്ലാം വളരെയധികം, ആശ്വാസപ്പെടുത്തുന്ന കാര്യമാണ്. ലോകത്തിലെ കാർഷിക രാജ്യങ്ങളിൽ ഏറ്റവും വിസ്തൃതിയുള്ള ഒരു രാജ്യമാണ് ഇൻഡ്യയെന്നുള്ളതും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്: നമ്മുടെ സംസ്കാരവും ട്രഡീഷനുമെല്ലാംതന്നെ ആ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് കിടക്കുന്നതെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇൻഡ്യയിലെ ജനങ്ങളുടെ വൃക്ഷങ്ങളുമായിട്ടുള്ള ട്രഡീഷണലായ ബന്ധംവച്ചുകൊണ്ടു വേണം ഈ ബില്ലിനെ നാം വിലയിരുത്തുവാൻ. കേരളത്തെപ്പോലെയുള്ള അഭ്യസ്തവിദ്യരായിട്ടുള്ള ആളുകൾ തിങ്ങിതാമസിക്കുന്ന ഒരു സംസ്ഥാനത്ത്. 1984 കാലഘട്ടങ്ങളിൽ വനം സംരക്ഷിക്കുന്നതിന് ഇങ്ങനെ ഒരു ബില്ലുമായി വരേണ്ടിവരുന്നുവെന്നതുതന്നെ നമ്മുടെ ട്രഡീഷനും കൃഷിയുമായിട്ടുള്ള ബന്ധം അറ്റുപോയിട്ടുണ്ടോ എന്നുള്ള സംശയത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് ഞാൻ സ്വാഭാവികമായും സംശയിക്കുന്നു.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഏതാണ് നിയമം. സ്വകാര്യ വ്യക്തികളുടെ വനമാണോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, ഇത് മരം മുറിക്കുന്നതിനെ നിയന്ത്രിക്കുന്നതിനുള്ള നിയമമാണ്.

ശ്രീ. എം.എം. ഹസ്സൻ: സർ, ശ്രീ. മണിമംഗലത്ത് കുട്ട്യാലി വനം എന്ന വിഷയത്തിൽ ഒതുങ്ങിനിന്നാണ് സംസാരിക്കുന്നത്. അവിടെ നിന്ന് സംസാരിച്ച പലയാളുകളും ബില്ലുമായി പുലബന്ധംപോലും ഇല്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അരിശംകൊള്ളേണ്ട കാര്യമില്ല.

സർ, ഉരുംപൊട്ടലും വെള്ളപ്പൊക്കവും അതുപോലെ വനപ്രദേശങ്ങളിലെ മണ്ണൊലിപ്പും തടയാൻവേണ്ടിയാണ്. ഈ നിയമം കൊണ്ടുവരുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ഗൗരിയമ്മയെപ്പോലെ പരിണതപ്രജ്ഞയായ ഒരു നേതാവിൽനിന്നും ഞാൻ ഇതു പ്രതീക്ഷിച്ചില്ല. പല ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ചകളിൽ അപ്പുറത്തുള്ള ആരെങ്കിലും വിഷയത്തിൽ വന്നുനിന്നുകൊണ്ട് സംസാരിച്ചതായി ഗൗരിയമ്മയ്ക്ക് പറയാൻ കഴിയുമോ? ഞാൻ പറഞ്ഞുവന്നത് ഇൻഡ്യ ഒരു കാർഷിക രാജ്യമാണ്. ഈ കാർഷിക രാജ്യത്തു താമസിക്കുന്ന നമ്മളെ സംബന്ധിച്ചിടത്തോളം പരമ്പരാഗതമായിത്തന്നെ നമ്മളും വനവുമായി ബന്ധമുണ്ട്. വിദ്യാസമ്പന്നമായ കേരള സംസ്ഥാനത്തിൽ വനം സംരക്ഷിക്കാൻ ഒരു ബില്ലുകൊണ്ടുവന്നു എന്നു പറഞ്ഞാൽത്തന്നെ അതു നമ്മുടെ പൗരബോധമാണ് സൂചിപ്പിക്കുന്നത് എന്ന അർത്ഥത്തിലാണ് ഞാൻ തുടങ്ങിവച്ചത്. ഞാൻ ബില്ലിൽനിന്നു പുറത്തുപോയിട്ടില്ല. നമ്മുടെ രാജ്യത്ത് വനത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രംതന്നെയുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1856-ൽ ഡൽഹൗസി പ്രഭു ഇൻഡ്യ ഭരിച്ചുകൊണ്ടിരുന്ന കാലം മുതൽക്കുതന്നെ വനവുമായി ബന്ധപ്പെട്ടു ഇവിടെ ഒരു ഡിപ്പാർട്ടുമെന്റുണ്ടാക്കി. അന്നു

LIBRARY ARCHIVES Kerala Legislative Assembly

കൽക്കത്തയിൽ വനങ്ങളെക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരുന്ന ഡയട്രിച്ച് ബ്രാൻറിസ് എന്ന ജർമ്മൻ സായ്പിനെ ഡൽഹൗസി വിളിപ്പിക്കുകയും ഇൻഡ്യയിൽ ആദ്യമായി ഒരു ഫോറസ്റ്റ് ഇൻസ്പെക്ടറായി അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. ഇൻഡ്യയിലെ വനങ്ങളെക്കുറിച്ച് പഠിക്കുവാനും മനസ്സിലാക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ഒരു ജർമ്മൻ സായ്പിനെ ഡൽഹൗസി പ്രഭു.....

ശ്രീ. എം.എം. ഹസ്സൻ: ഈ ജർമ്മൻ സായ്പിനും നൂറുദ്ദീൻ സായ്പിനും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അത് എനിക്കറിയാൻ പാടില്ല. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ വനം സംരക്ഷിക്കാൻവേണ്ടി ഒരു വകുപ്പു ഉണ്ടാക്കണമെന്നും, ആ വകുപ്പിന്റെ ഘടന ഇന്നതായിരിക്കണമെന്നും, ആ ഘടനയുടെ അടിസ്ഥാനത്തിൽ വന സംരക്ഷണനടപടിയുമായി മുന്നോട്ടുപോകണമെന്നും അദ്ദേഹം നിർദ്ദേശം കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ ബ്രിട്ടീഷ് മഹാരാജാവിന്റെ സമ്മതത്തോടുകൂടി ഇൻഡ്യയിൽ ആദ്യമായി ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് എന്ന ഒരു തസ്തിക സൃഷ്ടിച്ചു.

ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ: വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ഫോറസ്റ്റ് ഗാർഡുമാരേയും ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ഓഗസ്റ്റ് 15-ാം തീയതി വിളിച്ചുവരുത്തി ഒരു പരേഡ് നടത്തി ബഹുമാനപ്പെട്ട മന്ത്രി സല്യൂട്ട് സ്വീകരിക്കണമെന്ന ഒരു അഭിപ്രായം ഉണ്ട്. അതിനെപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: എനിക്ക് ചോദ്യം മനസ്സിലായില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതു സ്പീക്കർക്കെതിരായിട്ടുള്ള രാമചന്ദ്രൻമാസ്റ്ററുടെ ഒരു ധ്വനിയാണോ? (ബഹളം)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇൻഡ്യയിൽ ആദ്യമായി നിയമിതനായ ഫോറസ്റ്റ് ഇൻസ്പെക്ടർ ജനറലായ ഡയട്രിച്ച് ബ്രാൻറിസ് ഇൻഡ്യൻ വനങ്ങൾ എന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി: ഈ ഗവേഷണമൊക്കെ നടത്തിയതുകൊണ്ട് ഈ നിയമത്തിന് എന്തു ഗുണമാണുള്ളത്? ഈ നിയമം സ്വകാര്യ വ്യക്തികളുടെ കയ്യിൽ ഇരിക്കുന്ന സ്ഥലത്തുള്ള മരങ്ങൾ മുറിക്കുന്നതിനെ സംബന്ധിച്ചാണ്. ഗവൺമെൻറ് കാട്ടിനകത്തെ തടിയെല്ലാം വെട്ടിത്തീർത്തു. ഇനിയിപ്പോൾ സ്വകാര്യ വ്യക്തികളുടെ തടി വെട്ടി കാശ് വാങ്ങാനുള്ള നിയമമാണിത്.

ശ്രീ. കെ.പി. നൂറുദ്ദീൻ: സ്വകാര്യവ്യക്തികളുടെ കയ്യിലിരിക്കുന്ന, അവർ ഉണ്ടാക്കുന്ന മരം മുറിക്കുന്നതിനല്ല ഈ നിയമം. ഞാൻ നേരത്തെ പറഞ്ഞു 16 ഇനം മരങ്ങൾ ഉള്ളതിൽ ചിലത് സ്വകാര്യവ്യക്തികളുടെ പറമ്പിൽ വളരുന്നുണ്ട്. ഇതു നാട്ടിലുണ്ടാകുന്നതു

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിക്കുന്നതിനും സ്വകാര്യവ്യക്തികളെന്നു പറഞ്ഞാൽ അവരുടെ പുരയിടങ്ങളിലല്ല ഗവൺമെൻറിൽനിന്നു വിട്ടുകൊടുത്തതും, തേയിലത്തോട്ടങ്ങളും തുടങ്ങിയവയിൽ ഉള്ളതുമായ മരങ്ങളും മുറിക്കുന്നതു തടയുന്നതിനാണു ഈ നിയമം ഉപയോഗിക്കുന്നത്. (ബഹളം)

ശ്രീമതി കെ.ആർ. ഗൗരി: മന്ത്രിക്കുതന്നെ ഇതിനകത്തുള്ള ധാരണ തെറ്റാണ്. സ്വകാര്യവ്യക്തികളുടെ കയ്യിൽ സാധാരണ നിലയിൽ കാർഡമം ഭൂമി ഉണ്ടെങ്കിൽ അതു ചീസായിരിക്കും. അതുപോലെതന്നെ മന്ത്രി എഴുതിക്കൊണ്ടുവന്ന നിയമത്തിൽ ഓണറിന്റെ ഡെഫനിഷനുണ്ട്. ഒന്നു സ്വകാര്യ ഭൂമിയും, മറ്റേത് കൈവശഭൂമിയുമാണ്. ഈ ഗവേഷണവും ഈ നിയമവുമായി പൊരുത്തമില്ല. (ബഹളം)

മി. സ്പീക്കർ: ഈ ബില്ലിനെക്കുറിച്ച് ഇവിടെ നടന്ന ചർച്ച എന്താണെന്ന് ചെയർ പറയാതെ തന്നെ അറിയാമല്ലോ? എന്തായാലും ശ്രീ. കുട്ട്യാലി മരത്തെക്കുറിച്ചാണല്ലോ പറയുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഇങ്ങനെയൊരു കമൻറുണ്ടായതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. ഇൻഡ്യൻ വനങ്ങളെപ്പറ്റി പറയുന്ന ആ പുസ്തകത്തിൽ ഇൻഡ്യയിൽ എത്ര ശതമാനത്തോളം ഭൂമി വനമായി സംരക്ഷിക്കണമെന്നും മറ്റും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഞാൻ ആ പുസ്തകം വായിച്ചിട്ടില്ല. ആ പുസ്തകത്തെപ്പറ്റി എഴുതിയ റിവ്യൂ വായിക്കുകയുണ്ടായി.

ശ്രീ. കാനം രാജേന്ദ്രൻ: അങ്ങ് ഗവേഷണം നടത്തി വനങ്ങളെക്കുറിച്ച് പറയുന്നല്ലോ. ശിലായുഗത്തിൽനിന്നു മനുഷ്യൻ കൃഷിയിലേക്ക് വന്നതെങ്ങനെയാണെന്ന് ഒന്നു വിശദമാക്കാമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: എന്റെ മുറിയിൽ വന്നാൽ ഞാൻ കാനം രാജേന്ദ്രനു ഒരു പ്രത്യേക ക്ലാസ് തന്നെ എടുക്കാം.

മി. സ്പീക്കർ: അങ്ങ് മരങ്ങളിലേക്ക് മടങ്ങൂ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇൻഡ്യ ഒരു കാർഷികരാജ്യമായി നിലനിൽക്കാൻ ചുരുങ്ങിയത് 62 ശതമാനത്തോളം ഭൂവിഭാഗം വനമായി സംരക്ഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന അവസരത്തിൽ കോടിക്കണക്കിനു ഉറുപ്പികയുടെ മരങ്ങളും വിദേശത്തേക്കു കടത്തിക്കൊണ്ടുപോകാൻ സാദ്ധ്യത നിലവിലുണ്ടായിരുന്ന ആ കാലഘട്ടത്തിൽ 62 ശതമാനത്തോളം ഭൂമി വനമായി സംരക്ഷിക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. വനങ്ങളെ സംബന്ധിച്ചു പഠിക്കാൻ നിയുക്തമായ ഒരു കമ്മിറ്റി 40 ശതമാനത്തോളം ഭൂമിയെങ്കിലും വനമായി റിസർവ്വ് ചെയ്തു വയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

ഇതു സംബന്ധമായി എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഇംപീരിയൽ പാർലമെൻറ്, ബ്രിട്ടീഷ് പാർലമെൻറ് ഒന്നുരണ്ട് നിയമങ്ങൾ പാസ്സാക്കിയത്. ഞാൻ ഓർക്കുന്നുണ്ട്. വസ്തുത വ്യക്തമായി ഞാൻ ഓർക്കുന്നില്ല. ഇൻഡ്യക്കുവേണ്ടിയുണ്ടാക്കിയ രണ്ടുമൂന്നു നിയമങ്ങളിൽ, 40 ശതമാനത്തോളം ഭൂമി (40/42 എന്ന് വ്യക്തമായി ഞാൻ ഓർക്കുന്നില്ല.) വനത്തിനുവേണ്ടിമാത്രം റിസർവ്വ് ചെയ്തിരിക്കണമെന്ന് പറയുകയുണ്ടായി.

LIBRARY ARCHIVES-Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ബഹുമാനപ്പെട്ട കുട്ട്യാലി പറയുന്നത് സശ്രദ്ധം ശ്രദ്ധിക്കുകയായിരുന്നു. ബിട്ടീഷ് പാർലമെന്ററു പാസ്സാക്കിയ പ്രമേയം അദ്ദേഹം ഓർമ്മിക്കുന്നത് എങ്ങനെയായിരുന്നുവെന്ന് ഞാൻ ഓർമ്മിച്ചുപോയതായിരുന്നു.

മി. സ്പീക്കർ: ശ്രീ. കുട്ട്യാലി പഠിച്ച് സംസാരിക്കുകയാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാനീ ബില്ലിനെക്കുറിച്ച് സംസാരിക്കുന്നവേളയിൽ ശ്രീ. എം. വി. രാഘവനെപ്പോലെയോ ശ്രീ. വി.കെ. രാജനെപ്പോലെയോ കാടുകയറി പറയുകയില്ലായെന്ന് ഉറപ്പിച്ചു പറയുകയാണ്.

മി. സ്പീക്കർ: അങ്ങു പറയുന്നത് കാടിനെക്കുറിച്ചാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ. കാടിനെക്കുറിച്ച് മാത്രമേ പറയുകയുള്ളൂ. കാടുകയറിപ്പോവുകയില്ല. ഞാൻ ഉറപ്പുതരുന്നു. കാടിനെക്കുറിച്ച് പറയുമ്പോൾ എനിക്കതിന്റെ ചരിത്രം പറയണം. ആ ചരിത്രവും നമ്മളും തമ്മിലുള്ള വൈകാരിക ബന്ധം പറയണം. ആ വൈകാരിക ബന്ധത്തിൽനിന്നുണ്ടായ മറ്റുപല പുരോഗതികളെ സംബന്ധിച്ചും പറയണം. അത് ഇന്ന് എവിടെ എത്തിയിരിക്കുന്നുവെന്ന് പറയണം. ഇന്ന് കേരളാ ഗവൺമെന്റ് ഇങ്ങനെയൊരു നിയമംകൊണ്ടുവരാനുള്ള സാഹചര്യമെന്താണെന്ന് വിശദീകരിക്കണം. അതാണ് ഞാനുദ്ദേശിക്കുന്നത്.

ശ്രീ. വി. സി. കബീർ: സർ, അദ്ദേഹം വളരെ കാര്യമാത്രപ്രസക്തമായി പഠിച്ച് ഒരു തിസീസ് അവതരിപ്പിക്കുകയാണ്. ഇതുകഴിഞ്ഞാൽ ബഹുമാനപ്പെട്ട ചെയറെങ്കിലും അദ്ദേഹത്തിനൊരു ഡോക്ടറേറ്റ് ബിരുദം കൊടുക്കണം.

മി. സ്പീക്കർ: തീർച്ചയായും.

ശ്രീ മണിമംഗലത്തു കുട്ട്യാലി: സർ, ഒരു നിയമസഭാ സ്പീക്കർക്ക് ഡോക്ടറേറ്റ് കൊടുക്കാനുള്ള അധികാരമില്ലായെന്നുള്ള കാര്യം പോലും ബഹുമാനപ്പെട്ട അംഗത്തിന് അറിയില്ലായെന്ന കാര്യമോർത്താണ് ഞാൻ ദുഃഖിക്കുന്നത്. കബീർമാഷ് എന്നു പറഞ്ഞാൽ മാഷായതുകൊണ്ട് കുറച്ചൊക്കെ വിവരമുള്ള ആളാണെന്നുള്ളതുകൊണ്ടാണ് ഞാൻ കരുതിയത്. ഇത്ര വിവരമില്ലാത്തയാളാണെന്ന് ഞാനൊരിക്കലും കരുതിയില്ല. ഡോക്ടറേറ്റ് കൊടുക്കുന്നത് നിയമസഭയിൽനിന്നല്ല. അങ്ങനെയാണെങ്കിൽ ഒന്നാംക്ലാസ് ഡോക്ടറേറ്റ് അങ്ങേയ്ക്കാണ് തരേണ്ടത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വിദഗ്ദ്ധരുടെയൊക്കെ അഭിപ്രായങ്ങൾ കോട്ട് ചെയ്തിട്ടാണല്ലോ സംസാരിക്കുന്നത്. കാടിനെക്കുറിച്ച് വളരെ വിവരമുള്ള ആളും, അതിനെക്കുറിച്ച് നന്നായി പഠിച്ചിട്ടുള്ള ആളുമായ ശ്രീ. സീതിഹാജിയുടെ ഇതിനെക്കുറിച്ചുള്ള അഭിപ്രായം അറിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, കാടിനെക്കുറിച്ച് ആധികാരികമായി പറയാൻമാത്രം പഠിച്ചയാളല്ലാ സീതിഹാജിയെന്ന് എനിക്കറിയാം. ഒരു ബിസിനസ്സുകാരന്റെ പ്രായോഗിക വിദ്യ അദ്ദേഹത്തിന്റെ കൈയിലുണ്ട് എന്നുള്ളതിൽ കവിഞ്ഞ്.....ആരും കൈയടിച്ചൊന്നും പൂടാക്കേണ്ട, ഞാൻ അങ്ങനെയൊന്നുമല്ല പറഞ്ഞത്. ഞാൻ പറഞ്ഞത് എനിക്കറിയാം.

മി. സ്പീക്കർ: ശ്രീ. കുട്ട്യാലി, അങ്ങ് ചെയറിനെ അഡ്രസ് ചെയ്തു സംസാരിക്കൂ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എനിക്ക് നേർക്കുനേരെ പറയുന്ന ഒരു സ്വഭാവമുള്ളതുകൊണ്ട് പറയുന്നത് അങ്ങോട്ടായിപ്പോകുന്നുവെന്ന് മാത്രമേയുള്ളൂ.....

സർ, സീതിഹാജിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അദ്ദേഹം ഒരു കച്ചവടക്കാരൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന് വനത്തെ സംബന്ധിച്ചും മരത്തെസംബന്ധിച്ചും ചില അഭിപ്രായങ്ങം ഉണ്ട് എന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. എം.എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട ശ്രീ. കുട്ട്യാലിയുടെ അഭിപ്രായത്തോട് എനിക്ക് യോജിക്കാൻ ബുദ്ധിമുട്ടുണ്ട്. കേരളത്തിൽ ഫോറസ്റ്ററിയെ സംബന്ധിച്ചുള്ള ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കുകയാണെങ്കിൽ അതിന് വൈസ്ചാൻസലറാകാൻ ശ്രീ. സീതിഹാജിയെപ്പോലെ കെൽപ്പുള്ള ആരെങ്കിലുമുണ്ടെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. പി.പി. തങ്കച്ചൻ: സർ, പബ്ലിക് അണ്ടർടേക്കിങ്ങ് കമ്മിറ്റി ശ്രീ. സീതിഹാജിയുടെ നേതൃത്വത്തിൽ ഒരു ടൂറിനു പോയപ്പോൾ ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ചെയ്യുന്ന ആസ്സാമിലെ ചിറാപുഞ്ചിയിൽ പോയിരുന്നു. അദ്ദേഹം പറഞ്ഞത് ശരിയാണെന്ന് അപ്പോഴാണ് തോന്നിയത്. ഒരു ചെറിയ വൃക്ഷംപോലും അവിടെയില്ല. ലോകത്തിൽ ഏറ്റവും കൂടുതൽ മഴയുള്ള സ്ഥലമാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഡോക്ടറേറ്റ് കൊടുത്താൽ അതിൽ തെറ്റുപറയാൻ പറ്റുകയില്ല.

ശ്രീ. പി. സീതിഹാജി: സർ, 'ബഹുമാനപ്പെട്ട' എന്നെ ഈ ചർച്ചയിൽനിന്നും ഒഴിവാക്കിത്തരണം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാൻ എന്റെ പോയിന്റിലേക്ക് വീണ്ടും വരികയാണ്. ഇൻഡ്യ ഒരു കാർഷിക രാജ്യമായി നിലനിൽക്കണമെന്നുണ്ടെങ്കിൽ 40 ശതമാനത്തോളം വനം പ്രിസർവ് ചെയ്തിരിക്കണമെന്നുള്ള ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിയമനിർമ്മാണങ്ങം ഒന്നും തന്നെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഇൻഡ്യയിൽ ഫലവത്തായിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: സർ, അങ്ങ് പ്രസംഗിക്കുമ്പോഴൊക്കെ 'വനം വനം' എന്നു പറഞ്ഞാണല്ലോ പ്രസംഗിക്കുന്നത്. ഈ ബില്ലിൽ 'വനം' എന്നൊന്നില്ല. മരങ്ങളെല്ലാം വനമാണെന്നുള്ള ധാരണയിലാണോ പ്രസംഗിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്പീക്കർ: മരങ്ങളും ചേരുന്നതാണല്ലോ വനം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച ബില്ലെന്നുപറഞ്ഞാൽ.....ഈ വൃക്ഷം എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? അതിനെപ്പറ്റിയൊന്നു പറയാമോ?

വൃക്ഷം എന്നുപറഞ്ഞാൽ.....''തരുമഹിമ'' എന്ന പുസ്തകത്തിൽനിന്നാണ് ഞാൻ പറയുന്നത്.

''10 കിണറിനു തുല്യമാണ് ഒരു കുളം. 10 കുളത്തിനു തുല്യമാണ് ഒരു ജലാശയം. 10 ജലാശയത്തിനു തുല്യമാണ് ഒരു പുത്രൻ. 10 പുത്രനു തുല്യമാണ് ഒരു വൃക്ഷം. 10 വൃക്ഷത്തിനു തുല്യമാണ് ഒരു കാട്'', അങ്ങനെയാണ് അതു പോകുന്നത്. നിങ്ങൾ മനസ്സിലാക്കണം. ഇതെല്ലാം പഠിച്ച് പറയുന്നതാണ്. വെറുതെ തമാശക്ക് പറയുന്നതല്ല. പത്ത് ദിവസത്തെ ശ്രമത്തിന്റെ ഫലമായി തയ്യാറെടുത്തു വന്നിട്ടാണ് പ്രസംഗിക്കുന്നത്. ഇവിടെ സർവ്വകലാശാലാ നിയമത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. രാജീവ് ഗാന്ധിക്ക് വിവരമുണ്ടോയെന്നു ചോദിക്കുന്ന വിവരക്കേടല്ലാ ഞാൻ പറയുന്നത്. ഇൻഡ്യാ രാജ്യത്ത് വൃക്ഷ സംരക്ഷണമെന്നു പറയുന്ന വനം സംരക്ഷണമെന്നു പറയുന്ന വിഷയത്തെ സംബന്ധിച്ചാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ.വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട കുട്ട്യാലി വന സംരക്ഷണത്തെക്കുറിച്ച് വളരെ ആധികാരികമായി പഠിച്ച് ഇവിടെ സംസാരിക്കുകയാണ്. അദ്ദേഹം സൂചിപ്പിച്ചത് 42 ശതമാനം വനം നമുക്കു വേണമെന്നാണ്. എന്നാൽ കേരളത്തിൽ ഇപ്പോൾ 22 ശതമാനത്തിൽ താഴെ വനങ്ങളെയുള്ളു. ഈ വനം മുറിക്കുന്നതുകൊണ്ടാണ് കേരളത്തിൽ വരൾച്ചയുണ്ടായത് എന്ന ഒരു വാദമുണ്ട്. എന്നാൽ കഴിഞ്ഞ വർഷം വ്യാപകമായ നിലയിൽ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമുണ്ടായപ്പോൾ ഈ മരം മുറിക്കുന്നതല്ലാ കാരണം എന്ന് സിദ്ധാന്തം ശ്രീ. സീതിഹാജി ഉന്നയിക്കുകയും ചെയ്തു. ഇതിൽ ഏതാണ് ശരി. അങ്ങേക്ക് വ്യക്തമാക്കാമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട അംഗം തോക്കിൽ കയറി വെടിവയ്ക്കരുത്. ഞാൻ അതിലേക്ക് വരികയാണ്. ഇൻഡ്യാരാജ്യത്ത് ഏറ്റവും ചുരുങ്ങിയത് 42 ശതമാനം വനംവേണമെന്നാണ് വിദഗ്ദ്ധമതം. ചുരുങ്ങിയത് ഇൻഡ്യയിൽ 33 ശതമാനമെങ്കിലും വേണം. അതാണ് എന്റെ വാദം. ഞാൻ അതിലേക്ക് വരികയാണ്. ഇൻഡ്യയിൽ ഇന്ന് 33 ശതമാനമേ വനമുള്ളൂയെന്നു പറഞ്ഞത് ഇൻഡ്യാഗവൺമെന്റു പ്രസിദ്ധീകരിച്ച കണക്കിന്റെ അടിസ്ഥാനത്തിലാണ്; ആ 33 ശതമാനത്തിൽ നിന്നും 19 ശതമാനമായി കുറഞ്ഞിരിക്കുന്നു. അതാണ് കണക്ക്.

ശ്രീ. പന്തളം സുധാകരൻ: സർ, നമ്മളിപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നത് വനത്തെ സംബന്ധിച്ചാണ്. ഇല്ലാത്ത ഒന്നിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി പുത്രനു് സമമാണു് ഒരു വൃക്ഷമെന്നു്. അങ്ങനെയാണെങ്കിൽ ഈ വൃക്ഷങ്ങളായ വൃക്ഷങ്ങളൊക്കെ മുറിച്ചു മാറിയ നമ്മുടെ ശ്രീ. സീതിഹാജിയെ എത്ര പ്രാവശ്യം തൂക്കിക്കൊല്ലാൻ വിധിക്കണം?

മി. സ്പീക്കർ: വേണ്ട. ശ്രീ. സീതിഹാജിയെ ഇനി ഇതിലേക്കു് വലിച്ചിഴക്കേണ്ട.

ശ്രീ. കുട്ട്യാലി, അങ്ങേയ്ക്കു് നാളെ പ്രസംഗം തുടരാം. സഭ ഇപ്പോൾ പിരിയുന്നതും 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-നു് വീണ്ടും സമ്മേളിക്കുന്നതുമാണു്.

(1985 സെപ്റ്റംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-നു് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കു് ശേഷം 1.28-നു് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly